പാലിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ മാത്രമേ പ്രവൃത്തികൾക്ക് ഒരു പ്രാവശ്യം മാത്രമേ സമയപരിധി ദീർഘിപ്പിച്ചു നൽകുകയുള്ളൂ. രണ്ടാമത് സമയപരിധി ദീർഘിപ്പിച്ച് നൽകേണ്ടി വന്നാൽ കരാറുകാരിൽ ഒടുക്കേണ്ടതാണ്. രണ്ടാമതും ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപടികൾ**

**128 (2228)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ :

(ബി) നിർമ്മാണ പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട എഞ്ചിനീയർമാർ കൃത്യത പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പുതിയ വാഹനങ്ങൾ, കമ്പ്യൂട്ടറുകൾ, മൊബൈൽഫോണുകൾ എന്നിവ നൽകിയിട്ടുണ്ട്. പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 50 ലക്ഷം രൂപയായും, സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് 100 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വകുപ്പിനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഇ-ടെണ്ടറിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കരാറുകാർക്ക് ടെൻഡർ ഷെഡ്യൂൾ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് എടുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു ജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനായി റ്റോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ-1800-425-7771 ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാർക്ക് അതത് മേഖലകളിൽ പരിശീലനം നൽകി വരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആർക്കിടെക്ച്ചറൽ ഡ്രായിംഗ്, ഇൻവെസ്റ്റിഗേഷൻ എന്നിവയിൽ കാലതാമസം വരുന്ന കേസുകളിൽ പുറം കരാർ കൊടുത്ത് അവ ചെയ്യിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയാക്കാതെ നിർമ്മാണ പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർബന്ധിതമാകുന്ന ചില

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളിൽ കൃത്യത പാലിക്കാൻ സാധിക്കാറില്ല. അത് പരിഹരിക്കുന്നതിനായി ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയാക്കിയ ശേഷം മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ടെണ്ടർ കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി**

129 (2229) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെണ്ടർ കാലാവധി കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത കരാറുകാരുടെയും ഉദ്യോഗസ്ഥരുടേയും പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) തിരൂർ മണ്ഡലത്തിൽ ആരുടെയെങ്കിലും പേരിൽ ഇത്തരത്തിലുള്ള എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാനും പ്രവൃത്തികൾ മറ്റൊരു കരാറുകാരനെക്കൊണ്ട് ചെയ്യിക്കുമ്പോൾ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ആദ്യ കരാറുകാരനിൽ നിന്നും ഈടാക്കുവാനും അവരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. ഇതിന് പുറമേ കരാറുകാർ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(സി) ഇല്ല.

**പൊതുമരാമത്ത് വകുപ്പിന്റെ ഡാറ്റാബുക്ക് പരിഷ്കരണം**

130 (2230) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly